# ഇ-മാലിന്യ പരിപാലന ചട്ടങ്ങൾ, 2022

# The E-Waste Management Rules, 2022

## (Central Rules)



## കൈപ്പുസ്തകം

തയ്യാറാക്കിയത്

സി.എസ്.സന്തോഷ്

***മുഖവുര........***

*ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങളുടെ കാലാവധിക്ക് ശേഷമുള്ള ഇ-മാലിന്യങ്ങളുടെ സംസ്കരണം ലോകം നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നായിത്തീർന്നിരിക്കുന്നു. ഇവയിൽ നിന്നും പുറത്തുവരുന്ന വെളുത്തീയം, കാരീയം, രസം, കാഡ്മിയം തുടങ്ങിയ വിഷപദാർത്ഥങ്ങൾ ഭൂമിയുടെ മേൽമണ്ണിനെ വിഷലിപ്തമാക്കുന്നതാണ്. ഇ-മാലിന്യങ്ങൾ കത്തിക്കുമ്പോൾ അന്ത രീക്ഷത്തിലെത്തുന്ന പുക സാധാരണ മാലിന്യ പുകയുടെ ആറു മടങ്ങ് അപകടക രമാണ്. സാങ്കേതിക വിദ്യയുടെ കുതിപ്പ് കാരണം നവീന ഇലക്ട്രിക്കൽ, ഇല ക്ട്രോണിക് ഉപകരണങ്ങളുടെ നിർമ്മാണം വർദ്ധിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. മൊബൈൽ ഫോണുകളുടെ വർദ്ധിച്ചുവരുന്ന ഉപയോഗം മൂലമുള്ള ഇ-മാലിന്യ ത്തിന്റെ വർദ്ധിത അളവ് നാം നേരിടാൻ പോകുന്ന മറ്റൊരു ഭവിഷ്യത്താണ്.*

*ഇ-മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ വേർതിരിക്കുകയോ പുനചംക്രണം ചെയ്യുകയോ നവീകരിച്ച് ഉപയോഗിക്കുകയോ ചെയ്യേണ്ടത് അനിവാര്യമാണ്. വിവിധ അധികാര സ്ഥാനങ്ങൾക്കും നിർമ്മാതാക്കൾക്കും ഉപഭോക്താക്കൾക്കും ഇക്കാര്യത്തിൽ പ്രധാന പങ്ക് വഹിക്കാനുണ്ട്.*

*1986 ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിലെ വിവിധ വകുപ്പുകളിലെ അധികാരം ഉപയോഗിച്ച് ഇ-മാലിന്യ പരിപാലനത്തിനായി 2016 ൽ കേന്ദ്ര സർക്കാർ ഒരു ചട്ടം രൂപീകരിച്ചിരുന്നുവെങ്കിലും ആയത് റദ്ദ് ചെയ്ത് 2022 ൽ പുതുക്കിയ ചട്ടം പുറപ്പെ ടുവിച്ചിട്ടുണ്ട്. ഇ-മാലിന്യ പരിപാലനത്തിനായി സംസ്ഥാന സർക്കാരും വിവിധ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇ-മാലിന്യ ശേഖരണത്തിനായി ക്ലീൻ കേരള കമ്പനിയും രൂപീകരിച്ചിട്ടുണ്ട്.*

*2022 ലെ ഇ-മാലിന്യ പരിപാലന ചട്ടങ്ങളിലെ പ്രധാന പ്രസക്തമായ എല്ലാ ചട്ട ങ്ങളും ഉൾപ്പെടുത്തിയാണ് ഈ കൈപ്പുസ്തകം തയ്യാറാക്കിയിട്ടുള്ളത്. ഇത് ഒരു ഔദ്യോഗിക രേഖ അല്ലാത്തതിനാൽ അസ്സൽ ചട്ടങ്ങൾ കൂടി പരിശോധിച്ച് കൃത്യത ഉറപ്പാക്കിയതിനുശേഷം മാത്രം തീരുമാനങ്ങൾ എടുക്കേണ്ടതാണ്.*

# ഇ-മാലിന്യ പരിപാലന ചട്ടങ്ങൾ, 2022

# The E-Waste Management Rules, 2022

*ഇലക്ട്രിക്കൽ, ഇലക്ട്രോണിക് മാലിന്യങ്ങളുടെ ഫലപ്രദമായ പരിപാലനത്തിനായി കേന്ദ്ര സർക്കാർ, 1986 ലെ പരിസ്ഥിതി (സംരക്ഷണം) നിയമത്തിലെ (Environment (Protection) Act, 1986) 6, 8, 25 വകുപ്പുകളിലെ അധികാരം വിനിയോഗിച്ചു കൊണ്ട് പുതിയ ഇ-മാലിന്യ പരിപാലന ചട്ടങ്ങൾ, 2022 (E-Waste (Management) Rules, 2022) പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനു മുമ്പ് നിലവിലുണ്ടായിരുന്നത് 2016 ലെ ഇ-മാലിന്യ പരിപാലന ചട്ടങ്ങൾ ആയിരുന്നു.*

***02-11-2022 ലെ വിജ്ഞാപനം നം. G.S.R. 801(E) പ്രകാരം 2022 ലെ ഇ-മാലിന്യ പരിപാലന ചട്ടങ്ങൾ നിലവിൽ വന്നു.***

## അധ്യായം I
## ആമുഖം
## PRELIMINARY

1. **ഈ ചട്ടങ്ങൾ 2022 ലെ ഇ-മാലിന്യ പരിപാലന ചട്ടങ്ങൾ എന്ന് അറിയപ്പെടുന്നതാണ്. ഈ ചട്ടങ്ങൾ 01-04-2023 മുതൽ നിലവിൽ വരുന്നതാണ്.**

## 2. ബാധകമാക്കൽ (Application)

✓ ഷെഡ്യൂൾ-I ൽ നൽകിയിട്ടുള്ള ഇ-മാലിന്യങ്ങളുടെ സംസ്കരണം അല്ലെങ്കിൽ ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങളുടെയും അവ പ്രവർത്തനക്ഷമമാക്കുന്ന ഘടകങ്ങളും ഉപഭോഗവസ്തുക്കളും ഭാഗങ്ങളും സ്പെയറുകളും ഉൾപ്പെടെയുള്ളവയുടെ ഉല്പാദനം, വില്പന, കൈമാറ്റം, വാങ്ങൽ,

നവീകരണം, പൊളിച്ചു മാറ്റൽ, പുനചംക്രമണം എന്നിവയിൽ ഏർപ്പെട്ടിട്ടുള്ള ഓരോ ഉല്പാദകനും നിർമ്മാതാവിനും പുനർനിർമ്മാണം നടത്തുന്നവർക്കും പൊളിച്ചു മാറ്റുന്നവർക്കും പുനചംക്രമണം നടത്തുന്നവർക്കും ഈ ചട്ടങ്ങൾ ബാധകമായിരിക്കുന്നതാണ്.

- ✓ Battery Waste Management Rules, 2022 നു കീഴിൽ വരുന്ന ബാറ്ററികൾ, Plastic Waste Management Rules, 2016 നു കീഴിൽ വരുന്ന പാക്കേജിംഗ് പ്ലാസ്റ്റിക്കുകൾ, Micro, Small and Medium Enterprises Development Act, 2006 ന് കീഴിൽ നിർവചിച്ചിട്ടുള്ള സൂക്ഷ്മ വ്യവസായങ്ങൾ (Micro Enterprises), Atomic Energy Act, 1962 നും അതിൻകീഴിലുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരവുമുള്ള റേഡിയോ ആക്റ്റീവ് മാലിന്യങ്ങൾ എന്നിവയ്ക്ക് ഈ ചട്ടങ്ങൾ ബാധകമാകുന്നതല്ല.

## 3. നിർവചനങ്ങൾ (Definitions)

### • ബൾക്ക് കൺസ്യൂമർ (bulk consumer) (3(1)(b))

ഒരു സാമ്പത്തിക വർഷത്തെ ഏതെങ്കിലും സമയത്ത് ഷെഡ്യൂൾ-I ൽ നൽകിയിരിക്കുന്ന ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങളുടെ കുറഞ്ഞത് ആയിരം യൂണിറ്റുകൾ ഉപയോഗിക്കുന്ന ഇ-റീടെയ്ലർ ഉൾപ്പെടെയുള്ള ഏതെങ്കിലും സ്ഥാപനം.

### • ബിസിനസ് (business) (3(1)(c))

ഷെഡ്യൂൾ-I ൽ നൽകിയിരിക്കുന്ന ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങളുടെ നിർമ്മാണം, ഉല്പാദനം, അസംബ്ലിംഗ്, ഇറക്കുമതി എന്നിവയും ഇ-മാലിന്യങ്ങളുടെ നവീകരണം, പുനരുപയോഗം, കയ്യൊഴിക്കൽ, പരിപാലിക്കൽ എന്നിവയും ബിസിനസ് എന്നതുകൊണ്ട് അർത്ഥമാക്കുന്നു.

### • കയ്യൊഴിക്കലും പരിപാലനവും (Disposal and Treatment) (3(1)(g))

പുനചംക്രമണം,വീണ്ടെടുക്കൽ അല്ലെങ്കിൽ പുനരുപയോഗം എന്നിവയ്ക്ക് വഴിയൊരുക്കാത്ത ഫിസിക്കോ കെമിക്കൽ അല്ലെങ്കിൽ ജൈവ സംസ്കരണം,

ദഹിപ്പിക്കൽ, സുരക്ഷിതമായ ലാന്റ് ഫിൽ നിക്ഷേപം എന്നിവ ഉൾപ്പെടുന്നതുമായ ഏതെങ്കിലും പ്രവർത്തനം.

- **ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണം (Electrical and Electronic equipment) (3(1)(j))**

പ്രവർത്തനക്ഷമമാകുന്നതിന് വൈദ്യുതിയെയോ വൈദ്യുത-കാന്തിക മണ്ഡല ത്തെയോ ആശ്രയിക്കുന്ന ഉപകരണവും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനും കൊണ്ടുപോകുന്നതിനും അളക്കുന്നതിനുമുള്ള ഉപകരണവും.

- **ഇ-മാലിന്യം (E-Waste) (3(1)(l))**

പൂർണ്ണമായോ ഭാഗികമായോ മാലിന്യമായി തള്ളിക്കളയുന്ന സോളാർ ഫോട്ടോ വോൾട്ടായിക് മോഡ്യൂളുകൾ അല്ലെങ്കിൽ പാനലുകൾ അല്ലെങ്കിൽ സെല്ലുകൾ ഉൾപ്പെടെയുള്ള ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണവും അതുപോലെ ഉല്പാദനം, നവീകരണം, റിപ്പയർ എന്നീ പ്രക്രിയകളിലെ തിരസ്കൃത വസ്തുവും ഇ-മാലിന്യമായി കണക്കാക്കാവുന്നതാണ്.

- **നിർമ്മാതാവിന്റെ വിപുലീകൃത ഉത്തരവാദിത്തം (extended producer responsibility) (3(1)(m))**

ഷെഡ്യൂൾ-I ൽ നൽകിയിരിക്കുന്ന ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങ ളുടെ പാരിസ്ഥിതിക സൗഹൃദ പരിപാലനം ഉറപ്പാക്കുന്നതിനായി ഇ-മാലിന്യങ്ങൾ പുനചംക്രമണം ചെയ്യുന്നതിനുള്ള രജിസ്ട്രേഷൻ ഉള്ളവരിലൂടെ മാത്രം ഷെഡ്യൂൾ-III, ഷെഡ്യൂൾ-IV എന്നിവ പ്രകാരമുള്ള റീസൈക്ലിംഗ് ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള നിർമ്മാതാവിന്റെ ഉത്തരവാദിത്തം.

- **ചരിത്രപരമായ ഇ-മാലിന്യം (Historical E-Waste) (3(1)(o))**

ഈ ചട്ടങ്ങൾ നിലവിൽ വന്ന തിയതിയിൽ ലഭ്യമായിരുന്ന, ഷെഡ്യൂൾ-I പ്രകാരമുള്ള ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങളിൽ നിന്നും ഉണ്ടാകുന്ന മാലിന്യം.

- **അനാഥ ഉത്പ്പന്നങ്ങൾ (orphaned products) (3(1)(q))**

ഷെഡ്യൂൾ-I ൽ നൽകിയിട്ടുള്ള ബ്രാന്റഡ് അല്ലാത്ത അല്ലെങ്കിൽ അസംബിൾ ചെയ്ത ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങൾ അല്ലെങ്കിൽ പ്രവർത്തനം അവസാനിപ്പിച്ച ഒരു കമ്പനി നിർമ്മിച്ച ഉപകരണങ്ങൾ.

- **ഉല്പാദകൻ (Manufacturer) (3(1)(P))**

ഷെഡ്യൂൾ-I ൽ നൽകിയിട്ടുള്ള ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉള്ള Companies Act, 2013 ൽ നിർവചിച്ചിട്ടുള്ള ഒരു വ്യക്തി/സ്ഥാപനം/കമ്പനി അല്ലെങ്കിൽ Factories Act, 1948 ൽ നിർവചിച്ചിട്ടുള്ള ഫാക്ടറി അല്ലെങ്കിൽ MSME Development Act, 2006 ൽ നിർവചിച്ചിട്ടുള്ള ചെറുകിട (small), ഇടത്തരം(medium) വ്യവസായങ്ങൾ.

- **നിർമ്മാതാവ് (Producer) (3(1)(t))**

(1) സ്വന്തം ബ്രാന്റിനു കീഴിൽ ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങളും അവയുടെ ഘടകങ്ങളും അല്ലെങ്കിൽ ഉപഭോഗ വസ്തുക്കളോ ഭാഗങ്ങളോ സ്പെയറുകളോ ഉല്പാദിപ്പിക്കുയും വിൽക്കുകയും ചെയ്യുന്ന വ്യക്തി അല്ലെങ്കിൽ സ്ഥാപനം.

(2) മറ്റ് ഉല്പാദകരോ വിതരണക്കാരോ നിർമ്മിക്കുന്ന അസംബിൾ ചെയ്ത ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണവും അവയുടെ ഘടകങ്ങളും അല്ലെങ്കിൽ ഉപഭോഗ വസ്തുക്കളോ ഭാഗങ്ങളോ സ്പെയറുകളോ സ്വന്തം ബ്രാന്റിനു കീഴിൽ വില്പന നടത്തുന്ന വ്യക്തി അല്ലെങ്കിൽ സ്ഥാപനം.

(3) ഇറക്കുമതി ചെയ്ത ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണവും അവയുടെ ഘടകങ്ങളും അല്ലെങ്കിൽ ഉപഭോഗ വസ്തുക്കളോ ഭാഗങ്ങളോ സ്പെയറുകളോ വിൽക്കുന്ന വ്യക്തി അല്ലെങ്കിൽ സ്ഥാപനം.

(4) ഉപയോഗിച്ച ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങൾ ഇറക്കുമതി ചെയ്യുന്ന വ്യക്തി അല്ലെങ്കിൽ സ്ഥാപനം.

- *ഡീലർ, റീടെയ്‌ലർ, ഇ-റീടെയ്‌ലർ മുതലായ വില്പന സാങ്കേതികത്വങ്ങൾ പരിഗണിക്കാതെ തന്നെ മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾ നടത്തുന്നവരെ നിർമ്മാതാക്കളായി പരിഗണിക്കാവുന്നതാണ്.*

## • പുനചംക്രമണം നടത്തുന്നവർ (Recycler) (3(1)(u))

ദ്വീതീയ ഉറവിട വസ്തുക്കളെ (secondary sourced materials) ശക്തിപ്പെടുത്തുന്നതിനായി മാലിന്യങ്ങളായി മാറിയ ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങളോ അവയുടെ ഭാഗങ്ങളോ അപൂർവ്വ മൂലകങ്ങളും മറ്റ് ഉപയോഗപ്രദമായ വീണ്ടെടുക്കാവുന്ന വസ്തുക്കളും ഉൾപ്പെടെയുള്ള വിലയേറിയ, അർദ്ധ-വിലയേറിയ ലോഹങ്ങൾ വീണ്ടെടുക്കുന്നതിനായി പുനചംക്രമണവും പുനസംസ്കരണവും (recycling and reprocessing) നടത്തുന്നതും ഈ ആവശ്യത്തിനായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള സൗകര്യം ഉള്ളതുമായ വ്യക്തി അല്ലെങ്കിൽ സ്ഥാപനം.

## • നവീകരണം നടത്തുന്നവർ (Refurbisher) (3(1)(v))

യഥാർത്ഥത്തിൽ ഉദ്ദേശിച്ച ഉപയോഗ കാലഘട്ടം ദീർഘിപ്പിക്കുന്നതിനും യഥാർത്ഥത്തിൽ ഉദ്ദേശിച്ച ഉപയോഗത്തിനും വിപണിയിൽ വില്പന നടത്തുന്നതിനുമായി ഷെഡ്യൂൾ-I ൽ നൽകിയിട്ടുള്ള ഉപയോഗിച്ച(used) ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങളുടെ റിപ്പയറിംഗിലോ അസംബ്ലിംഗിലോ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും വ്യക്തി അല്ലെങ്കിൽ സ്ഥാപനം.

## • പൊളിച്ചുമാറ്റുന്നവർ (dismantler) (3(1)(f))

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി ബന്ധപ്പെട്ട സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയോ കമ്മിറ്റിയുടെയോ അംഗീകാരമുള്ള, ഉപയോഗിച്ച ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങൾ അവയുടെ ഘടകങ്ങളാക്കി പൊളിച്ചു മാറ്റുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും വ്യക്തി അല്ലെങ്കിൽ സ്ഥാപനം.

**കുറിപ്പ്:** *അസ്സൽ ചട്ടങ്ങളിലെ ചട്ടം 3 ൽ ഉൾപ്പെട്ടിട്ടുള്ള നിർവചനങ്ങളിൽ പ്രസക്തമായവ മാത്രമാണ് കൈപ്പുസ്തകത്തിൽ ചേർത്തിട്ടുള്ളത്. അസ്സൽ ചട്ടങ്ങളിലെ മറ്റ് നിർവചനങ്ങൾ കൂടി കാണുക.*

# അധ്യായം II
# നിർമ്മാതാവിന്റെ വിപുലീകൃത ഉത്തരവാദിത്ത ചട്ടക്കൂട്
# Extended Producer Responsibility Framework

## 4. രജിസ്ട്രേഷൻ (Registration)

താഴെ പറയുന്ന വിഭാഗങ്ങളിലുള്ള സ്ഥാപനങ്ങൾ പോർട്ടലിൽ (കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് വികസിപ്പിച്ചത്) രജിസ്റ്റർ ചെയ്യേണ്ടതാണ്.

- ✓ *ഉല്പാദകൻ (manufacturer)*
- ✓ *നിർമ്മാതാവ് (producer)*
- ✓ *നവീകരണം നടത്തുന്നവർ (refurbisher)*
- ✓ *പുനചംക്രമണം നടത്തുന്നവർ (recycler)* *(4(1))*

- ഒന്നിൽ കൂടുതൽ വിഭാഗങ്ങളിൽ ഉൾപ്പെടുന്നവർ ഓരോന്നിനും പ്രത്യേകം രജിസ്ട്രേഷൻ എടുക്കേണ്ടതാണ്.
- രജിസ്ട്രേഷൻ എടുക്കാതെ മേൽ സൂചിപ്പിച്ചവർ ഒരു ബിസിനസും നടത്തുവാൻ പാടുള്ളതല്ല.
- രജിസ്ട്രേഷൻ ലഭ്യമാകുന്നതിനായി തെറ്റായ വിവരം നൽക്കുന്നവരുടെ രജിസ്ട്രേഷൻ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് റദ്ദ് ചെയ്യുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.
- രജിസ്ട്രേഷൻ ഫീ, പരിപാലന ഫീ എന്നിവ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് ഈടാക്കാവുന്നതാണ്.



# അധ്യായം III
# ഉത്തരവാദിത്തങ്ങൾ
# RESPONSIBILITIES

## 5. ഉല്പാദകന്റെ ഉത്തരവാദിത്തങ്ങൾ (Responsibilities of the Manufacturer)

- പോർട്ടലിൽ രജിസ്റ്റർ ചെയ്യൽ.
- ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉല്പാദനത്തിനിടയിൽ ഉണ്ടാകുന്ന ഇ-മാലിന്യങ്ങൾ ശേഖരിച്ച് പുനചംക്രമണം അല്ലെങ്കിൽ കയ്യൊഴിക്കൽ ഉറപ്പാക്കൽ.
- പോർട്ടലിൽ റിട്ടേണുകൾ ഫയൽ ചെയ്യൽ.

## 6. നിർമ്മാതാവിന്റെ ഉത്തരവാദിത്തങ്ങൾ (Responsibilities of the Producer)

- പോർട്ടലിൽ രജിസ്റ്റർ ചെയ്യൽ.
- ഷെഡ്യൂൾ-III, ഷെഡ്യൂൾ-IV എന്നിവ പ്രകാരമുള്ള നിർമ്മാതാവിന്റെ വിപുലീകൃത ഉത്തരവാദിത്ത ലക്ഷ്യങ്ങൾ പോർട്ടലിലൂടെ ലഭ്യമാക്കി നടപ്പാക്കൽ.
- മാധ്യമങ്ങൾ, പ്രസിദ്ധീകരണങ്ങൾ, പരസ്യങ്ങൾ, പോസ്റ്ററുകൾ അല്ലെങ്കിൽ മറ്റേതെങ്കിലും മാർഗ്ഗങ്ങളിലൂടെ അവബോധം സൃഷ്ടിക്കൽ.
- പോർട്ടലിൽ റിട്ടേണുകൾ ഫയൽ ചെയ്യൽ.

## 7. നവീകരണം നടത്തുന്നയാളുടെ ഉത്തരവാദിത്തങ്ങൾ (Responsibilities of the Refurbisher)

- പോർട്ടലിൽ രജിസ്റ്റർ ചെയ്യൽ.
- നവീകരണത്തിനിടയിൽ ഉണ്ടാകുന്ന ഇ-മാലിന്യങ്ങൾ ശേഖരിച്ച് രജിസ്ട്രേഷൻ ഉള്ള പുനചംക്രണം ചെയ്യുന്നവർക്ക് കൈമാറൽ, വിവരം പോർട്ടലിൽ അപ്‌ലോഡ് ചെയ്യൽ.

- നവീകരിച്ച ഉപകരണം Ministry of Electronics and Information Technology യുടെ നിർബന്ധിത രജിസ്ട്രേഷൻ പദ്ധതി പ്രകാരമുള്ളതാണെന്നും ഈ ആവശ്യത്തിലേക്കായി രൂപീകരിച്ചിട്ടിട്ടുള്ള BIS സ്റ്റാന്റേർഡുകൾക്ക് അനുസൃതമാണെന്നും ഉറപ്പാക്കൽ.
- പോർട്ടലിൽ റിട്ടേണുകൾ ഫയൽ ചെയ്യൽ.

## 8. ബൾക്ക് കൺസ്യൂമറുടെ ഉത്തരവാദിത്തങ്ങൾ (Responsibilities of the Bulk Consumer)

ഷെഡ്യൂൾ I ൽ നൽകിയിട്ടുള്ള ഇല്ക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങളുടെ ബൾക്ക് കൺസ്യൂമർ തങ്ങൾ ഉല്പാദിപ്പിക്കുന്ന ഇ-മാലിന്യങ്ങൾ രജിസ്ട്രേഷൻ ഉള്ള ഉല്പാദകനോ നവീകരണം നടത്തുന്നവർക്കോ പുനചംക്രമണം നടത്തുന്നവർക്കോ മാത്രമാണ് കൈമാറുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

## 9. പുനചംക്രമണം നടത്തുന്നയാളുടെ ഉത്തരവാദിത്തങ്ങൾ (Responsibilities of the Recycler)

- പോർട്ടലിൽ രജിസ്റ്റർ ചെയ്യൽ.
- സൗകര്യങ്ങളും പുനചംക്രമണ പ്രക്രിയകളും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് ഈ ആവശ്യത്തിലേക്കായി കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സ്റ്റാന്റേർഡുകൾക്കോ മാർഗ്ഗനിർദ്ദേശങ്ങൾക്കോ അനുസൃതമാണെന്ന് ഉറപ്പാക്കൽ.
- പുനചംക്രമണം നടത്താത്ത ഭാഗങ്ങളും സാധനങ്ങളും രജിസ്ട്രേഷൻ ഉള്ള പുനചംക്രമണം നടത്തുന്നവർക്ക് അയയ്ക്കുന്നുണ്ടെന്ന് ഉറപ്പാക്കൽ.
- പുനചംക്രമണ പ്രക്രിയയിൽ ഉണ്ടാകുന്ന അവശിഷ്ടങ്ങൾ അംഗീകൃത സംസ്കരണ സംവിധാനത്തിൽ സംസ്കരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കൽ.
- ഇ-മാലിന്യത്തിന്റെ രേഖകൾ തയ്യാറാക്കി സൂക്ഷിച്ച് ഓഡിറ്റിന് സമർപ്പിക്കൽ.
- പോർട്ടലിൽ റിട്ടേണുകൾ ഫയൽ ചെയ്യൽ.

- ഷെഡ്യൂൾ I ൽ ഉൾപ്പെടാത്ത ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങളും അവയുടെ ഭാഗങ്ങളും പുനചംക്രമണത്തിനായി സ്വീകരിക്കൽ. അവയിൽ എതെങ്കിലും തരത്തിലുള്ള റേഡിയോ ആക്ടീവ് പദാർത്ഥങ്ങൾ ഉണ്ടായിരിക്കുവാൻ പാടുള്ളതല്ല. വിശദാംശങ്ങൾ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.
- മാധ്യമങ്ങൾ, പ്രസിദ്ധീകരണങ്ങൾ, പരസ്യങ്ങൾ, പോസ്റ്ററുകൾ മുഖനയോ മറ്റേതെങ്കിലും മാർഗ്ഗങ്ങളിലൂടെ അവബോധം സൃഷ്ടിക്കുക.
- പുനചംക്രണത്തിന്റെ ആവശ്യത്തിലേക്കായി പൊളിച്ചു മാറ്റുന്നവരുടെ സഹായം തേടൽ.

## 10. സംസ്ഥാന സർക്കാരിന്റെ അല്ലെങ്കിൽ കേന്ദ്രഭരണ പ്രദേശങ്ങളുടെ ഉത്തരവാദിത്തങ്ങൾ (Responsibilities of State Government or Union Territories)

(1) സംസ്ഥാനത്തെയും കേന്ദ്രഭരണ പ്രദേശത്തെയും **വ്യവസായ വകുപ്പ് (Department of Industry)** അല്ലെങ്കിൽ സംസ്ഥാന സർക്കാർ അല്ലെങ്കിൽ കേന്ദ്രഭരണ പ്രദേശം, അതത് സംഗതിപോലെ, ഈ ആവശ്യത്തിലേക്കായി ചുമതലപ്പെടുത്തുന്ന മറ്റേതെങ്കിലും സർക്കാർ ഏജൻസി നിലവിലുള്ളതും ആരംഭിക്കാനിരിക്കുന്നതുമായ പാർക്കിലും എസ്റ്റേറ്റിലും വ്യാവസായിക ക്ലസ്റ്ററുകളിലും ഇ-മാലിന്യങ്ങൾ പൊളിച്ചു മാറ്റുന്നതിനും പുനചംക്രമണം ചെയ്യുന്നതിനുമായി വ്യാവസായിക പ്രദേശമോ ഷെഡോ നീക്കി വയ്ക്കുകയോ അനുവദിക്കുകയോ ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.


(2) സംസ്ഥാനത്തെയും കേന്ദ്രഭരണ പ്രദേശത്തെയും **തൊഴിൽ വകുപ്പ് (Department of Labor)** അല്ലെങ്കിൽ സംസ്ഥാന സർക്കാർ അല്ലെങ്കിൽ കേന്ദ്രഭരണ പ്രദേശം, അതത് സംഗതിപോലെ, ഈ ആവശ്യത്തിലേക്കായി ചുമതലപ്പെടുത്തുന്ന മറ്റേതെങ്കിലും സർക്കാർ ഏജൻസി:

(a) പൊളിച്ചു മാറ്റുന്നതിലും പുനചംക്രമണം നടത്തുന്നതിലും ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ അംഗീകാരവും രജിസ്ട്രേഷനും ഉറപ്പാക്കുക.

(b) പൊളിക്കുന്നതിനുള്ള സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനായി അത്തരം തൊഴിലാളി ഗ്രൂപ്പുകളുടെ രൂപീകരണത്തിനായി സഹായിക്കുക.

(c) പൊളിച്ചു മാറ്റുന്നതിലും പുനചംക്രമണം നടത്തുന്നതിലും ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കായി വ്യാവസായിക നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

(d) പൊളിച്ചു മാറ്റുന്നതിലും പുനചംക്രമണം നടത്തുന്നതിലും ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ സുരക്ഷയും ആരോഗ്യവും ഉറപ്പു വരുത്തുന്നതിനായി വാർഷിക മോണിറ്ററിംഗ് നടത്തുക.




## അധ്യായം IV

### 11. ഇ-മാലിന്യം സംഭരിക്കുന്നതിനുള്ള നടപടിക്രമം (Procedure for storage of e-waste)

- ഓരോ ഉല്പാദകനും നിർമ്മാതാവും നവീകരണം നടത്തുന്നവരും പുനചംക്രമണം നടത്തുന്നവരും ഇ-മാലിന്യം നൂറ്റി എൺപത് ദിവസം വരെ സംഭരിക്കാവുന്നതും വില്പനയുടെയും കൈമാറ്റത്തിന്റെയും സംഭരണത്തിന്റെയും രേഖ സൂക്ഷിക്കേണ്ടതുമാണ്. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. നിലവിൽ ബാധകമായ ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ച് ഇ-മാലിന്യം സംഭരിക്കേണ്ടതാണ്.
- കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് മുന്നൂറ്റി അറുപത്തി അഞ്ച് ദിവസം വരെ സംഭരണ കാലാവധി നീട്ടാവുന്നതാണ്.

# അധ്യായം V

## 12. സോളാർ ഫോട്ടോ വോൾട്ടായിക് മോഡ്യൂളുകളുടെയോ പാനലുകളുടെയോ സെല്ലുകളുടെയോ പരിപാലനം (Management of solar photo-voltaic modules or panels or cells)

1) ഈ അധ്യായത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സോളാർ ഫോട്ടോ വോൾട്ടായിക് മോഡ്യൂളുകൾക്കോ പാനലുകൾക്കോ സെല്ലുകൾക്കോ ഈ ചട്ടങ്ങൾ ബാധകമായിരിക്കുന്നതാണ്.

2) സോളാർ ഫോട്ടോ വോൾട്ടായിക് മോഡ്യൂളുകളുടെയോ പാനലുകളുടെയോ സെല്ലുകളുടെയോ ഓരോ ഉത്പാദകനും നിർമ്മാതാവും താഴെ പറയുന്നവ ഉറപ്പാക്കേണ്ടതാണ്:

- പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കൽ.
- കേന്ദ്ര മലിനീകരണ നിയന്തണ ബോർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് 2034-35 വർഷം വരെ ഉത്പാദിപ്പിക്കുന്ന സോളാർ ഫോട്ടോ വോൾട്ടായിക് മോഡ്യൂളുകളുടെയോ പാനലുകളുടെയോ സെല്ലുകളുടെയോ മാലിന്യങ്ങൾ സംഭരിക്കൽ.
- വാർഷിക റിട്ടേണുകൾ ഫയൽ ചെയ്യൽ.
- സോളാർ ഫോട്ടോ വോൾട്ടായിക് മോഡ്യൂളുകളോ പാനലുകകളോ സെല്ലുകളോ ഒഴികെയുള്ള മാലിന്യങ്ങളുടെ സംസ്കരണം നിലവിൽ ബാധകമായ ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണെന്ന് ഉറപ്പാക്കൽ.
- സ്റ്റോക്ക് വിവരം പോർട്ടലിൽ ഉൾപ്പെടുത്തൽ.
- ഇക്കാര്യത്തിൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ.

3) സോളാർ ഫോട്ടോ വോൾട്ടായിക് മോഡ്യൂളുകളോ പാനലുകളോ സെല്ലുകളോ പുനചംക്രമണം നടത്തുന്നവർ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള വസ്തുക്കൾ വീണ്ടെടുക്കുന്നതിന് നിർബന്ധിതരാണ്.

# അധ്യായം VI

## 13. നിർമ്മാതാവിന്റെ വിപുലീകൃത ഉത്തരവാദിത്ത വ്യവസ്ഥയുടെ രീതികൾ (Modalities of the extended producer responsibility Regime)

- എല്ലാ നിർമ്മാതാക്കളും ഷെഡ്യൂൾ-III, ഷെഡ്യൂൾ-IV എന്നിവ അനുസരിച്ചുള്ള തങ്ങളുടെ വിപുലീകൃത ഉത്തരവാദിത്ത ബാധ്യത നിറവേറ്റേണ്ടതാണ്. അപ്രകാരം ചെയ്യുന്നതിന് ഉത്തരവാദിത്ത സംഘടനകൾ, ശേഖരണ കേന്ദ്രങ്ങൾ, ഡീലർമാർ മുതലായ മൂന്നാം കക്ഷി സംഘടനകളുടെ സഹായം സ്വീകരിക്കാവുന്നതാണ്. വിപുലീകൃത ഉത്തരവാദിത്ത ബാധ്യത പൂർണ്ണമായും നിർമ്മാതാവിന് മാത്രമായിരിക്കുന്നതാണ്.
- ഓരോ ഉല്പന്നത്തിന്റെയും നിർമ്മാതാവിന്റെ വിപുലീകൃത ഉത്തരവാദിത്ത ബാധ്യത നിർമ്മാതാവ് പോർട്ടലിൽ നൽകുന്ന വിശദാംശങ്ങളുടെയും ഉല്പന്നത്തിന്റെ ഉപയോഗ കാലയളവിന്റെയും ഷെഡ്യൂൾ-III, IV എന്നിവയിൽ വ്യക്തമാക്കിയിട്ടുള്ള ലക്ഷ്യങ്ങളുടെയും അടിസ്ഥാനത്തിൽ തീരുമാനിക്കുന്നതാണ്.
- രജിസ്റ്റർ ചെയ്ത പുനചംക്രമണം നടത്തുന്നവരിൽ നിന്ന് മാത്രം നിർമ്മാതാവിന്റെ വിപുലീകൃത ഉത്തരവാദിത്ത സർട്ടിഫിക്കറ്റ് ഓൺലൈൻ ആയി വാങ്ങുന്നതിലൂടെ നിർമ്മാതാവ് വിപുലീകൃത ഉത്തരവാദിത്ത ബാധ്യത നിറവേറ്റേണ്ടതാണ്. ത്രൈമാസ റിട്ടേൺ ഫയൽ ചെയ്തുകൊണ്ട് ആയത് ഓൺലൈൻ ആയി സമർപ്പിക്കേണ്ടതുമാണ്.
- നിർമ്മാതാവും രജിസ്റ്റർ ചെയ്ത പുനചംക്രമണം നടത്തുന്നയാളും നൽകുന്ന വിവരം പോർട്ടലിൽ പൊരുത്തപ്പെടുത്തി പരിശോധിക്കുന്നതാണ്. എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ, നിർമ്മാതാവിന്റെ വിപുലീകൃത ഉത്തരവാദിത്ത ബാധ്യത നിറവേറ്റുന്നതിനായി താഴ്ന്ന കണക്ക് പരിഗണിക്കുന്നതാണ്.
- സർട്ടിഫിക്കറ്റുകൾ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെയോ ചുമതലപ്പെടുത്തിയ മറ്റേതെങ്കിലും ഏജൻസിയുടെയോ പാരിസ്ഥിതിക ഓഡിറ്റിന് വിധേയമായിരിക്കുന്നതാണ്.

## 14. നിർമ്മാതാവിന്റെ വിപുലീകൃത ഉത്തരവാദിത്ത സർട്ടിഫിക്കറ്റ് തയ്യാറാക്കൽ (Extended producer responsibility Certificate (EPR) Generation)

### (1) പുനചംക്രമണം (Recycling)

- രജിസ്റ്റർ ചെയ്ത പുനചംക്രമണം നടത്തുന്നവർക്കുവേണ്ടി (registered recycler) കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പോർട്ടൽ മുഖേന നിശ്ചിത മാതൃകയിലുള്ള നിർമ്മാതാവിന്റെ വിപുലീകൃത ഉത്തരവാദിത്ത സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നതാണ് (extended producer responsibility certificate).
- സർട്ടിഫിക്കറ്റ് ജനറേറ്റ് ചെയ്യുന്നതിനാവശ്യമായ അളവ് നിശ്ചിത സൂത്രവാക്യം അനുസരിച്ച് കണക്കാക്കുന്നതാണ്.
- സർട്ടിഫിക്കറ്റ് തയ്യാറാക്കുന്ന സാമ്പത്തിക വർഷം അവസാനിച്ചതിനുശേഷം രണ്ടു വർഷം വരെ സർട്ടിഫിക്കറ്റിന് സാധുതയുണ്ടായിരിക്കുന്നതാണ്.
- സർട്ടിഫിക്കറ്റിന്റെ നമ്പറിൽ വർഷം, ഉല്പന്നത്തിന്റെ കോഡ്, റീസൈക്ലർ കോഡ്, യൂണീക് കോഡ് എന്നിവ ഉണ്ടായിരിക്കുന്നതാണ്.
- 100 കി.ഗ്രാം, 200 കി.ഗ്രാം, 500 കി.ഗ്രാം, 1000 കി.ഗ്രാം വിഭാഗങ്ങളിൽ അല്ലെങ്കിൽ സ്റ്റിയറിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിച്ചേക്കാവുന്ന മറ്റേതെങ്കിലും ഡിനോമിനേഷനിൽ ആയി രിക്കും നിർമ്മാതാവിന്റെ വിപുലീകൃത ഉത്തരവാദിത്ത സർട്ടിഫിക്കറ്റുകൾ.

### (2) നവീകരണം നടത്തൽ ( Refurbishing)

- ഇ-മാലിന്യങ്ങൾ നവീകരണം നടത്തുവാൻ അനുവദിക്കേണ്ടതും നവീകരണം നടത്തുന്നയാൾ പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതും നൽകുന്ന ഡാറ്റയുടെ അടിസ്ഥാനത്തിൽ നവീകരണം നടത്തുന്നയാളുടെ പേരിൽ നിശ്ചിത മാതൃക യിൽ നവീകരണ സർട്ടിഫിക്കറ്റ് (refurbishing certificate) തയ്യാറാക്കപ്പെടുന്ന തുമാണ്.

- രജിസ്റ്റർ ചെയ്ത നവീകരണം നടത്തുന്നവരിൽ നിന്നും വാങ്ങിയ നവീകരണ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുമ്പോൾ, നിർമ്മാതാവിന്റെ വിപുലീകൃത ഉത്തരവാദിത്തം ഇ-മാലിന്യത്തിന്റെ അനുബന്ധ അളവുകൾക്കായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് നിശ്ചയിച്ചിട്ടുള്ള കാലയളവിലേക്ക് മാറ്റി വയ്ക്കപ്പെടുന്നതും നവീകരിച്ച ഉല്പന്നത്തിന്റെ ദീർഘിപ്പിച്ച കാലയളവ് അവസാനിക്കുമ്പോൾ നിർമ്മാതാവിന്റെ വിപുലീകൃത ഉത്തരവാദിത്തത്തിലേക്ക് ചേർക്കേണ്ടതുമാണ്.
- നവീകരണത്തിന് പ്രോൽസാഹനം നൽകുന്നതിനായി നവീകരിച്ച ഉത്പന്നത്തിന്റെ കാലയളവ് കഴിയുമ്പോൾ പുനരുപയോഗം ചെയ്യുന്നതിനുള്ള നിർമ്മാതാവിന്റെ വിപുലീകൃത ഉത്തരവാദിത്തത്തിലേക്ക് മാറ്റി വെച്ച അളവിന്റെ 75% മാത്രമേ ചേർക്കേണ്ടതുള്ളൂ.
- രജിസ്റ്റർ ചെയ്ത പുനരുപയോഗം ചെയ്യുന്നവർ മുഖേന അന്തിമമായുള്ള കയ്യൊഴിക്കലിനുശേഷവും നിർമ്മാതാവിന്റെ വിപുലീകൃത ഉത്തരവാദിത്ത സർട്ടിഫിക്കറ്റ് ഹാജരാക്കിയതിനുശേഷവും മാത്രമേ വിപുലീകൃത ഉത്തരവാദിത്ത ബാധ്യത അവസാനിക്കുകയുള്ളൂ. നവീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കാവുന്നതല്ല.

## 15. നിർമ്മാതാവിന്റെ വിപുലീകൃത ഉത്തരവാദിത്ത സർട്ടിഫിക്കറ്റുകളുടെ ഇടപാട് (Transaction of extended producer responsibility certificates)

- നടപ്പുവർഷത്തെ വിപുലീകൃത ഉത്തരവാദിത്ത ബാധ്യതയും മുൻ വർഷങ്ങളിലെ അവശേഷിക്കുന്ന ബാധ്യതയും നടപ്പു വർഷത്തെ 5 ശതമാനവും പരിമിതപ്പെടുത്തിയുള്ള വിപുലീകൃത ഉത്തരവാദിത്ത സർട്ടിഫിക്കറ്റുകൾ നിർമ്മാതാവിന് വാങ്ങാവുന്നതാണ്.
- ത്രൈമാസ അടിസ്ഥാനത്തിൽ വിപുലീകൃത ഉത്തരവാദിത്ത സർട്ടിഫിക്കറ്റ് ആനുപാതികമായി വാങ്ങിക്കൊണ്ട് നിർമ്മാതാക്കൾ വിപുലീകൃത ഉത്തരവാദിത്ത ബാധ്യത നിറവേറ്റേണ്ടതാണ്.
- നിർമ്മാതാവ് വിപുലീകൃത ഉത്തരവാദിത്ത സർട്ടിഫിക്കറ്റ് വാങ്ങിയാൽ ഉടൻതന്നെ ബാധ്യത സ്വയമേവ ക്രമീകരിക്കുന്നതാണ്. അത്തരത്തിൽ

ക്രമീകരിക്കുമ്പോൾ മുൻ ബാധ്യതയ്ക്ക് മുൻഗണന നൽകേണ്ടതാണ്. അപ്രകാരം ക്രമീകരിച്ച വിപുലീകൃത ഉത്തരവാദിത്ത സർട്ടിഫിക്കറ്റ് സ്വയമേവ റദ്ദാകുന്നതാണ്.

- നിർമ്മാതാവ് നവീകരണ സർട്ടിഫിക്കറ്റുകൾ വാങ്ങുമ്പോൾ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് നിശ്ചയിച്ചിട്ടുള്ള കാലയളവിലേക്ക്, ഉല്പന്നത്തിന്റെ പ്രസക്തമായ അളവിൽ നിർമ്മാതാവിന്റെ വിപുലീകൃത ഉത്തരവാദിത്ത ബാധ്യത സ്വയമേവ മാറ്റി വയ്ക്കപ്പെടുന്നതാണ്.
- ഓരോ നിർമ്മാതാവും അല്ലെങ്കിൽ പുനഃചംക്രമണം നടത്തുന്നയാളും അല്ലെങ്കിൽ നവീകരണം നടത്തുന്നയാളും നിർമ്മാതാവിന്റെ വിപുലീകൃത ഉത്തരവാദിത്ത സർട്ടിഫിക്കറ്റിന്റെയും നവീകരണ സർട്ടിഫിക്കറ്റുകളുടെയും ലഭ്യതയും ആവശ്യകതയും മറ്റ് വിശദാംശങ്ങളും പോർട്ടലിൽ ലഭ്യമാക്കേണ്ടതാണ്.
- ഈ ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ ഇടപാടുകളും ത്രൈമാസ റിട്ടേണുകൾ ഫയൽ ചെയ്യുന്ന സമയത്ത് നിർമ്മാതാക്കൾ അല്ലെങ്കിൽ പുനഃചംക്രമണം നടത്തുന്നവർ രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.



# അധ്യായം VII

## 16. ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങളുടെയും അവയുടെ ഘടകങ്ങളുടെയോ ഉപഭോഗ വസ്തുക്കളുടെയോ ഭാഗങ്ങളുടെയോ സ്പെയറുകളുടെയോ ഉല്പാദനത്തിൽ അപകടകരമായ വസ്തുക്കളുടെ ഉപയോഗം കുറവു ചെയ്യൽ

**(Reduction in the use Hazardous substances in the manufacture of Electrical and Electronic equipment and their complonents or consumables or parts of spares)**

- ഷെഡ്യൂൾ-I ലെ ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങളുടെയും അവയുടെ ഘടകങ്ങളുടെയോ ഉപഭോഗ വസ്തുക്കളുടെയോ ഭാഗങ്ങളുടെയോ സ്പെയറുകളുടെയോ ഓരോ നിർമ്മാതാവും അവയിൽ Lead, Mercury, Cadmium, Hexavalent Chromium, polybrominated biphenyls and polybrominated diphenyl ethers എന്നിവയുടെ അളവ് നിശ്ചിത പരിധിക്കപ്പുറമില്ലെന്ന് ഉറപ്പാക്കേണ്ടതാണ്. (16(1))

  *(beyond a maximum concentration value of 0.1 per cent by weight in homogenous materials for lead, mercury, hexavalent chromium, polybrominated biphenyls and polybrominated diphenyl ethers and of 0.01 per cent by weight in homogenous materials for cadmium എന്നതാണ് ചട്ടത്തിൽ പറഞ്ഞിരിക്കുന്ന പരിധി).*

- 01-05-2014 ന് മുമ്പ് മാർക്കറ്റിൽ ഉണ്ടായിരുന്ന ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഭാഗങ്ങൾക്കും സ്പെയറുകൾക്കും ഷെഡ്യൂൾ-II ലെ പ്രയോഗങ്ങൾക്കും പ്രതിരോധ ആവശ്യത്തിനുള്ള ഉപകരണങ്ങളുടെ നിർമ്മാണത്തിനും ചട്ടം 16(1) ലെ വ്യവസ്ഥകൾ ബാധകമായിരിക്കുന്നതല്ല.

- ഷെഡ്യൂൾ-II ൽ നൽകിയിരിക്കുന്ന പ്രയോഗങ്ങളുടെ ഓരോ നിർമ്മാതാവും അപകടകരമായ വസ്തുക്കളുടെ പരിധി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ട താണ്.
- അപകടകരമായ വസ്തുക്കൾ കുറവു ചെയ്യുന്നതിന് അനുരൂപമായ പ്രഖ്യാപന ത്തോടൊപ്പം ഓരോ നിർമ്മാതാവും ഉല്പന്നത്തിൽ ഉൾപ്പെട്ടിട്ടുള്ള ഘടകങ്ങളു ടെ വിവരം കൂടി ഉൾപ്പെടുത്തേണ്ടതാണ്.
- അന്തിമ ഉല്പന്നം പുനചംക്രണം നടത്തുന്ന വിധത്തിലുള്ള സാങ്കേതികവിദ്യ കളോ രീതികളോ ഉല്പാദകൻ ഉപയോഗിക്കേണ്ടതാണ്.
- ഇ-മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനായി വ്യത്യസ്ഥ ഉല്പാദകർ നിർമ്മി ക്കുന്ന ഘടകങ്ങൾ പരസ്പരം പൊരുത്തപ്പെടുന്നുണ്ടെന്ന് ഉല്പാദകൻ ഉറപ്പാ ക്കേണ്ടതാണ്.
- ഉല്പന്നങ്ങളിൽ അപകടകരമായ പദാർത്ഥങ്ങൾ കുറവു ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ പാലിക്കുന്നില്ലെങ്കിൽ, നിർമ്മാതാവ് തിരുത്തൽ നടപടി സ്വീകരി ക്കേണ്ടതും ഉല്പന്നം കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാർഗ്ഗരേഖ പ്രകാരമുള്ള ന്യായമായ സമയത്തിനുള്ളിൽ മാർക്കറ്റിൽ നിന്നും പിൻവലിക്കേ ണ്ടതുമാണ്.
- കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് അപകടകരമായ വസ്തുക്കളുടെ സാംപ്ലിഗിനും വിശകലനത്തിനുമുള്ള രീതികൾ നിശ്ചയിക്കുവാനും ലാബുകളെ നിശ്ചയിക്കുന്നതിനുമുള്ള ചുമതലകൾ നൽകിയിട്ടുണ്ട്.



# അധ്യായം VIII

## 17. അധികാരികളുടെ ചുമതലകൾ (Duties of Authorities)

- ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി ഷെഡ്യൂൾ-V ൽ സൂചിപ്പിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.
- *ഷെഡ്യൂൾ-V ൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അല്ലെങ്കിൽ കേന്ദ്ര ഭരണ പ്രദേശങ്ങളിലെ കമ്മിറ്റികൾ, തദ്ദേശ സ്ഥാപനങ്ങൾ (അർബൻ, റൂറൽ), പോർട്ട് അതോറിറ്റി, കസ്റ്റംസ് അതോറിറ്റി, ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡ്സ്, ഇലക്ട്രോണിക്സ് ആന്റ് ഇൻഫൊർമേഷൻ ടെക്നോളജി മന്ത്രാലയം എന്നിവർക്ക് വിവിധ ചുമതലകൾ നൽകിയിട്ടുണ്ട്.*

തദ്ദേശ സ്ഥാപനങ്ങളുടെയും (അർബൻ, റൂറൽ), സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ചുമതലകൾ താഴെ ചേർക്കുന്നു.

### തദ്ദേശ സ്ഥാപനങ്ങളുടെ (അർബൻ, റൂറൽ) ചുമതലകൾ (ഷെഡ്യൂൾ *V* പ്രകാരം)

- മുനിസിപ്പൽ ഖര മാലിന്യവുമായി ഇ-മാലിന്യം കലർന്നതായി കണ്ടെത്തിയാൽ അവ ശരിയായി വേർതിരിക്കുകയും ശേഖരിക്കുകയും രജിസ്റ്റർ ചെയ്ത പുനചംക്രമണം അല്ലെങ്കിൽ നവീകരണം നടത്തുന്നവർക്ക് നൽകുക.
- അനാഥ ഉത്പന്നങ്ങളുമായി ബന്ധപ്പെട്ട ഇ-മാലിന്യങ്ങൾ ശേഖരിച്ച് പുനചംക്രമണം അല്ലെങ്കിൽ നവീകരണം നടത്തുന്നവർക്ക് നൽകുക.
- ഇ-മാലിന്യ ശേഖരണം, വേർതിരിക്കൽ, കയ്യൊഴിക്കൽ സംവിധാനങ്ങൾ സ്ഥാപിക്കുന്നത് സുഗമമാക്കുക.
- നഗര, ഗ്രാമ തദ്ദേശസ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി പരിശീലന പരിപാടികൾ നടത്തുക.

| സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അല്ലെങ്കിൽ കേന്ദ്ര ഭരണ പ്രദേശങ്ങളിലെ കമ്മിറ്റികളുടെ ചുമതലകൾ (ഷെഡ്യൂൾ *V* പ്രകാരം) |
|---|
| • ഇ-മാലിന്യങ്ങൾ കണ്ടെത്തുക.<br>• കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശ പ്രകാരം നിർമ്മാതാവിന്റെ വിപുലീകൃത ഉത്തരവാദിത്ത നിരീക്ഷണവും പാലനവും ഉറപ്പാക്കുക.<br>• പുനചംക്രമണം നടത്തുന്നവരേയും നവീകരണം നടത്തുന്നവരേയും റാണ്ടം പരിശോധന നടത്തുകയും പുനരുപയോഗശേഷി വിനിയോഗം നിരീക്ഷിക്കുകയും ചെയ്യുക.<br>• പാരിസ്ഥിതികമായി മെച്ചപ്പെട്ട പുനരുപയോഗം പ്രോൽസാഹിപ്പിക്കുന്നതിനുള്ള പരിപാടികൾ നടപ്പാക്കുക.<br>• ഈ ചട്ടങ്ങൾ പ്രകാരം മന്ത്രാലയം/കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് ചുമതലപ്പെടുത്തുന്ന മറ്റേതെങ്കിലും ചുമതലകൾ നിർവ്വഹിക്കുക. |

## 18. വാർഷിക റിപ്പോർട്ട് (Annual Report)

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് ഇ-മാലിന്യ പരിപാലന ചട്ടങ്ങൾ നടപ്പാക്കുന്നതിനെക്കുറിച്ച് സാമ്പത്തിക വർഷം അവസാനിച്ച് ഒരു മാസത്തിനുള്ളിൽ പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് (Ministry of Environment, Forest and Climate Change) ഒരു വാർഷിക റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

## 19. ഇ-മാലിന്യങ്ങൾ കൊണ്ടുപോകൽ (Transportation of e-waste)

Hazardous and Other Wastes (Management and Transboundary Movement) Rules, 2016 ലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

## 20. അപകടങ്ങൾ റിപ്പോർട്ട് ചെയ്യൽ (Accident Reporting)

ഇ-മാലിന്യ സംസ്കരണ സംവിധാനത്തിൽ അല്ലെങ്കിൽ ഇ-മാലിന്യം കടത്തുന്നതിനിടയിൽ അപകടം ഉണ്ടായാൽ നിർമ്മാതാവ്, നവീകരണം നടത്തുന്നയാൾ,

കൊണ്ടു പോകുന്നയാൾ, പൊളിച്ചു മാറ്റുന്നയാൾ അല്ലെങ്കിൽ പുനചംക്രമണം നടത്തുന്നയാൾ, അതത് സംഗതിപോലെ, ഉടൻതന്നെ ബന്ധപ്പെട്ട സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലേക്ക് ടെലഫോൺ മുഖേനയും ഇ-മെയിൽ മുഖേനയും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 21. അപ്പീൽ (Appeal)

കേന്ദ്ര മലിനീകരണ നിയന്ത്രണബോർഡിന്റെ തീരുമാനത്തിനെതിരെ ഉത്തരവ് ലഭ്യമായി മുപ്പത് ദിവസത്തിനകം ഈ ആവശ്യത്തിലേക്കായി കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയ പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിലെ അഡീഷണൽ സെക്രട്ടറി അല്ലെങ്കിൽ ജോയിന്റ് സെക്രട്ടറിക്ക് അപ്പീൽ നൽകാവുന്നതാണ്. മതിയായ കാരണങ്ങളുണ്ടെന്ന് ബോധ്യപ്പെട്ടാൽ മുപ്പത് ദിവസത്തിനുശേഷമുള്ള അപ്പീലുകളും പരിഗണിക്കാവുന്നതാണ്.

## 22. പാരിസ്ഥിതിക നഷ്ടപരിഹാരം (Environmental Compensation)

- ഈ ചട്ടങ്ങളിലേയും അതിൻകീഴിലുള്ള മാർഗ്ഗരേഖകളിലേയും ഏതെങ്കിൽ വ്യവസ്ഥ ലംഘിക്കുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും പാരിസ്ഥിതിക നഷ്ടപരിഹാരം ചുമത്തുന്നതിനും ഈടാക്കുന്നതിനുമുള്ള മാർഗ്ഗരേഖ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പുറപ്പെടുവിക്കേണ്ടതാണ്. മാർഗ്ഗരേഖ ചട്ടങ്ങൾക്ക് അനുസൃതവും പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അംഗീകരിക്കേണ്ടതുമാണ്.
- രജിസ്ട്രേഷൻ ഇല്ലാത്ത നിർമ്മാതാക്കൾ, ഉത്പാദകർ, നവീകരണം നടത്തുന്നവർ, പുനചംക്രണം നടത്തുന്നവർ എന്നിവരിൽ നിന്നും ഈ ചട്ടങ്ങളുടെ ലംഘനത്തിനെ സഹായിക്കുന്ന ഏതെങ്കിലും സ്ഥാപനത്തിൽ നിന്നും കൂടി പാരിസ്ഥിതിക നഷ്ടപരിഹാരം ഈടാക്കുന്നതാണ്. *(ചട്ടം കാണുക)*

## 23. പ്രോസിക്യൂഷൻ (Prosecution)

ഈ ചട്ടങ്ങൾ പ്രകാരം ആവശ്യമായ വിവരം തെറ്റായി നൽകുന്ന, മന:പൂർവ്വം നിർദ്ദേശങ്ങൾ ലംഘിക്കുന്ന, പരിശോധനയ്ക്കും, ഓഡിറ്റിനും സഹകരിക്കാത്ത ഏതൊരു വ്യക്തിയേയും 1986 ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിലെ


സെക്ഷൻ 15 പ്രകാരം പ്രോസിക്യൂട്ട് ചെയ്യാവുന്നതാണ്. ചട്ടം 22 പ്രകാരം ഈടാക്കുന്ന പാരിസ്ഥിതിക നഷ്ടപരിഹാരം ചുമത്തുന്നതിനുപുറമേ ആയിരിക്കും പ്രോസിക്യൂഷൻ നടപടികൾ.

## 24. പരിശോധനയും ഓഡിറ്റും (Verification and Audit)

നിർമ്മാതാക്കൾ, ഉല്പാദകർ, നവീകരണം നടത്തുന്നവർ, പൊളിച്ചു മാറ്റുന്നവർ, പുനചംക്രമണം നടത്തുന്നവർ എന്നിവർ ഈ ചട്ടങ്ങൾ പാലിക്കുന്നുണ്ടോ എന്ന് കേന്ദ്ര മലിനീകരണ ബോർഡിന് നേരിട്ടോ നിയുക്ത ഏജൻസി മുഖേനയോ റാണ്ടം പരിശോധയോ ആനുകാലിക ഓഡിറ്റോ നടത്താവുന്നതാണ്.

## 25. സ്റ്റിയറിംഗ് കമ്മിറ്റി (Steering Committee)

ഈ ചട്ടങ്ങളുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കുവാനായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാന്റെ അധ്യക്ഷതയിൽ നിശ്ചിത അംഗങ്ങളുള്ള സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. *(ചട്ടം കാണുക)*



## ഷെഡ്യൂളുകളുടെ പട്ടിക

| ഷെഡ്യൂൾ | വിഷയം |
|---|---|
| I | **Categories of electrical and electronic equipment including their components, consumables, parts and spares covered under the rules.** [See rules 2, 3 (b), 3 (c), 3 (m), 3 (o), 3 (p), 3 (q), 3 (v), 6, 8, 10 (7), 16 (13)] |
| (i) | Information technology and telecommunication equipment |
| (ii) | Consumer Electrical and Electronics and Photovoltaic Panels |
| (iii) | Large and Small Electrical and Electronic Equipment |
| (iv) | Electrical and Electronic Tools (With the exception of large - Scale Stationary Industrial Tools) |
| (v) | Toys, Leisure and Sports Equipment |
| (vi) | Medical Devices (With the Exception of All Implanted and Infected Products) |
| (vii) | Laboratory Instruments |
| *(ഓരോ ഉപകരണത്തിന്റെയും വിശദാംശങ്ങൾക്ക് അസ്സൽഷെഡ്യൂൾ കാണുക)* | |
| II | **Applications, which are exempted from the requirements of sub-rule (1) of rule 16.** [ See rules 16(3), 16(4), 16(13)] |
| III | **E-Waste Recycling Target (by weight.** [See rules 3(m), 6(2), 13(1), 13(2)] |
| IV | **E-Waste Recycling Target (by weight)**<br>**Extended Producer Responsibility targets for producers, who have started sales operations recently.** [ See rules 3(m), 6(2), 13(1), 13(2)] |
| V | LIST OF AUTHORITIES AND COPRRERSPONDING DUTIES [See rule (17)] |



**എഡിറ്റർ:** ശ്രീമതി.കെ.വി.സുസ്മിത, ഓഡിറ്റ് ഓഫീസർ, കെ.എസ്.എ.ഡി

**തയ്യാറാക്കിയത്**


സി.എസ്.സന്തോഷ്,
ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
9447594110
cscholayilttm@gmail.com


സ്വകാര്യ ആവശ്യത്തിനായി തയ്യാറാക്കിയ കൈപ്പുസ്തകം

**പാലക്കാട്,**
**19-09-2023**

# കുറിപ്പ്